(ബഹുമാനപ്പെട്ട ഗവർണർ നിയമസഭാ ഹാളിൽനിന്നും പുറത്തുപോയ ഉടനെ 11.39-ന് സ്പീക്കേഴ്സ് ഗ്യാലറിയിൽനിന്നും ഒരു സന്ദർശകൻ ഒച്ച വയ്ക്കുകയും തുടർന്ന് രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർ ചേർന്ന് അദ്ദേഹത്തെ പുറത്താക്കുകയും ചെയ്തു.)

ഗവർണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ഗവർണറുടെ പ്രസംഗത്തിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2016 ഫെബ്രുവരി മാസം 9-ാം തീയതി ആരംഭിക്കുന്നതാണ്. നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2016 ഫെബ്രുവരി മാസം 6-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കശേഷം 3.00 മണിക്ക് മുമ്പായി ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. ഇപ്പോൾ സഭയിൽ ഇല്ലാത്ത അംഗങ്ങൾക്ക് ഗവർണറുടെ പ്രസംഗത്തിന്റെ കോപ്പി എം.എൽ.എ. ഹോസ്റ്റലിലെ മുറികളിൽ എത്തിക്കുന്നതാണ്.

II മേശപ്പുറത്തുവച്ച കടലാസുകൾ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, "2016-ലെ കേരള നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് (2016-ലെ 4) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 75(2) പ്രകാരമുള്ള പ്രസ്താവന സഹിതം ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം 2-ാം ഖണ്ഡപ്രകാരം ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

III അറിയിപ്പ്

ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യുടെ രാജി

മി. സ്പീക്കർ : കുന്നത്തൂർ നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 5-ാം ഉപചട്ടത്തിന്റെ നിബന്ധനപ്രകാരം സഭയെ അറിയിക്കുന്നു. അദ്ദേഹത്തിന്റെ രാജി 2016 ജനുവരി മാസം 28-ാം തീയതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.45 ന് പിരിഞ്ഞു.)

(ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന്റെ മലയാളം പരിഭാഷ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

അനുബന്ധം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ, എല്ലാവർക്കും എന്റെ നമസ്കാരം.

1. കേരള നിയമസഭയുടെ 2016-ലെ പ്രഥമ സമ്മേളനത്തിലേക്ക് നിങ്ങളേവരേയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഇത്, എന്റെ സർക്കാരിന്റെ കാലാവധി വിജയകരമായി പൂർത്തിയാകുന്ന സമാപന സമ്മേളനമായിരിക്കെ, വരുംകാലങ്ങളിലും സംസ്ഥാനത്ത് പുരോഗമനാത്മക പ്രതിഫലനങ്ങൾ ഉളവാക്കുന്ന എന്റെ സർക്കാരിന്റെ സുപ്രധാന നേട്ടങ്ങൾ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത് ഒരു മഹത്തായ ബഹുമതിയായി ഞാൻ കണക്കാക്കുന്നു.

2. മാനവസമൂഹത്തിന് വിലപ്പെട്ടതെല്ലാം വികസനത്തിനായി ഒരു വ്യക്തിക്ക് നൽകുന്ന അവസരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ പറയുകയുണ്ടായി. ആ ചൊല്ലിനെ അന്വർത്ഥമാക്കുംവിധം, അവസരങ്ങളുടെ ഒരു സുവർണ്ണ കാലഘട്ടം, സ്വപ്നങ്ങൾ യാഥാർത്ഥ്യമായ ഒരു കാലഘട്ടം, കേരളത്തെ ദ്രുതഗതിയിലുള്ള വളർച്ചയുടെയും വികസനത്തിന്റെയും പാതയിലേക്ക് കൊണ്ടുപോയ ഒരു കാലഘട്ടം, കേരള ജനതയുടെ സമഗ്രവികസനത്തിന് ഭാവിയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്ന നിരവധി വാതായനങ്ങൾ ഉറന്നു നൽകിയ ഒരു കാലഘട്ടം, അതായിരുന്നു എന്റെ സർക്കാരിന്റെ കഴിഞ്ഞ 5 വർഷങ്ങൾ എന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. "കരുതലോടെയുള്ള വികസനം" എന്നതായിരിക്കും സർക്കാരിന്റെ ലക്ഷ്യം എന്നു ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly